ഹദീസ്

സി.കെ മൊയ്തു, മസ്കറ്റ്

# ജീവിതത്തെ മനോഹരമാക്കുന്ന ഊഷ്മള ബന്ധങ്ങൾ

وعن ابي هريرة رضي الله عنه مرفوعا كان من دعاءه صلى الله عليه وسلم : اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَارِ السُّوءِ، وَمِنْ زَوْجٍ تُشَيِّبُنِي قَبْلَ المَشِيبِ، وَمِنْ وَلَدٍ يَكُونُ عَلَيَّ رَبّاً، وَمِنْ مَالٍ يَكُونُ عَلَيَّ عَذَاباً، وَمِنْ خَلِيْلٍ مَاكِرٍ عَيْنُهُ تَرَانِي، وَقَلْبُهُ يَرْعَانِي؛ إِنْ رَأَى حَسَنَةً دَفَنَهَا، وَإِذَا رَأَى سَيِّئَةً أَذَاعَهَا (أخرجه الطبراني)

**അബൂഹുറയ്റയിൽ നിന്ന്. റസൂൽ തിരുമേനി ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: ചീത്ത അയൽക്കാരൻ, സ്വാഭാവിക നര വരുന്നതിന്റെ മുമ്പേ നരപ്പിച്ചു കളയുന്ന ഇണ, തന്റെ മേൽ അധികാരം പ്രയോഗിക്കുന്ന സന്താനങ്ങൾ, തനിക്ക് ശിക്ഷയായി ഭവിക്കുന്ന ധനം, തന്റെ രഹസ്യങ്ങൾ നിരീക്ഷിക്കുകയും നന്മകൾ മണ്ണിട്ട് മൂടുകയും തെറ്റുകൾക്ക് പ്രചാരം നൽകുകയും ചെയ്യുന്ന ചതിയനായ സുഹൃത്ത് എന്നിവരിൽ നിന്ന് നാഥാ നിന്നോട് ഞാൻ ശരണം തേടുന്നു (ത്വബ്റാനി).**

ജീവിതം സന്തോഷകരവും സംതൃപ്തവും ആവണമെന്ന് ആഗ്രഹിക്കാത്ത ആരുമുണ്ടാവില്ല. സന്തോഷകരമായ ജീവിതത്തിന് മാനുഷിക ബന്ധങ്ങൾ ഊഷ്മളവും ആനന്ദകരവുമായിരിക്കണം. ബന്ധങ്ങളിൽ പ്രധാനമാണ് അയൽപക്കം. തന്റെ സന്തോഷത്തിലും ദുഃഖത്തിലും ആത്മാർഥമായി പങ്കുചേരുന്ന ഒരു അയൽവാസിയുണ്ടായാൽ ഇരുവരുടെയും ജീവിതം ആസ്വാദ്യകരവും സംതൃപ്തവുമായിരിക്കും. മറിച്ചാണെങ്കിൽ മറ്റെന്ത് സൗകര്യങ്ങളും സുഖവുമുണ്ടെങ്കിലും ജീവിതം ദുസ്സഹമായിരിക്കും. അതുകൊണ്ടു തന്നെ അയൽവാസി വിശ്വസ്തനും സൽസ്വഭാവിയും മാന്യനുമായിരിക്കാൻ ആഗ്രഹിക്കാത്ത ആരുമുണ്ടാകില്ല. 'തന്റെ ബുദ്ധിമുട്ടുകളിൽ നിന്ന് അയൽവാസി രക്ഷപ്പെടുന്നത് വരെ നാം യഥാർഥ വിശ്വാസികളാവുകയില്ല' എന്നും റസൂൽ തിരുമേനി പഠിപ്പിച്ചിട്ടുണ്ടല്ലോ.

ജീവിതകാലം മുഴുവൻ തന്നോടൊപ്പം കഴിയേണ്ട, ഊണിലും ഉറക്കിലും തന്നോടൊപ്പം സഹവസിക്കുന്ന ഇണതുണകൾ സ്നേഹസമ്പന്നരും എപ്പോഴും എന്തിലും ചേർന്നുനിൽക്കുന്നവരും ആയിരിക്കാൻ എല്ലാവരും ആഗ്രഹിക്കും. പരസ്പരം അറിഞ്ഞും മനസ്സിലാക്കിയും കൊണ്ടും കൊടുത്തും കഴിയേണ്ടവരാണ് ഇണകൾ. അവർക്കിടയിൽ വിടവും വിള്ളലുമുണ്ടായാൽ ജീവിതം ദുരിതപൂർണമാകാൻ മറ്റൊന്നും വേണ്ട. യുവത്വത്തിന്റെ പ്രസരിപ്പും ഉന്മേഷവും ചോർന്നുപോയി അകാല വാർധക്യത്തിലകപ്പെടാൻ, എന്തിലും ഏതിലും കുറ്റങ്ങൾ കാണുകയും എപ്പോഴും കലഹിക്കുകയും ചെയ്യുന്ന ഒരു ഇണയുണ്ടായാൽ മതിയാകും. ഇണകൾ സദാസമയം നമ്മുടെ തുണയായി നിൽക്കാതെ വരുമ്പോൾ അനുഭവപ്പെടുന്ന പ്രയാസങ്ങൾക്കതിരില്ല. അങ്ങനെയുള്ള വീടുകളിൽ സമാധാനവും സന്തോഷവും കളിയാടുക സാധ്യമല്ല. 'നരപ്പിച്ചു കളയുക' എന്നത് ഒരു ആലങ്കാരിക പ്രയോഗമാണ്. നിർവഹിക്കാൻ കഴിയാത്തതും നടപ്പാക്കാൻ പറ്റാത്തതുമായ ആവശ്യങ്ങൾക്ക് മുമ്പിൽ നിസ്സഹായരായി തലപുകയ്ക്കുന്ന എത്രയോ പേരുണ്ട്.

വാർധക്യം ഒരു രോഗമല്ല. ജീവിത യാത്രയിൽ പിന്നിടേണ്ട അനിവാര്യ ഘട്ടങ്ങളിലൊന്നാണത്. വൃദ്ധരായ മാതാപിതാക്കളെ പരിഗണിക്കാത്ത കാലമാണിത്. കാരണം, ഉപകാരമില്ലാത്തതും മറ്റുള്ളവർക്ക് നഷ്ടം വരുത്തിവെക്കുന്നതുമായ കാലമാണ് വാർധക്യം എന്നാണ് ആധുനിക ലോകം മനുഷ്യനെ പഠിപ്പിക്കുന്നത്. ഇത്തരമൊരു ഘട്ടത്തിൽ തങ്ങളെ പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സന്താനങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കാത്തവരായി ആരും തന്നെയുണ്ടായിരിക്കില്ല. ആ സൗഭാഗ്യം നൽകണമേ എന്നാണ് പ്രാർഥനയുടെ അടുത്ത ഭാഗം.

നല്ല സമ്പാദ്യവും മനുഷ്യ ജീവിതത്തെ മനോഹരമാക്കുന്നതിലെ പ്രധാന ഘടകമാണ്. സമ്പാദ്യം ഹലാലും ത്വയ്യിബുമാകണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുത്തതോ, നിന്ദ്യവും നീചവുമായ വഴികളിലൂടെ സമ്പാദിച്ചതോ, ചതിയും ചൂഷണവും നടത്തി നേടിയെടുത്തതോ ആയ സമ്പത്ത് ഈ ലോകത്തും പരലോകത്തും നമുക്ക് ഉപകാരപ്പെടില്ല. നാളെ അല്ലാഹുവിന്റെ കോടതിയിൽ കണക്ക് ബോധിപ്പിക്കേണ്ടതാണ് സമ്പത്ത്. അത് അല്ലാഹുവിന് ഇഷ്ടമില്ലാത്ത മാർഗത്തിൽ സമ്പാദിച്ചതാണെങ്കിൽ നമ്മുടെ സമ്പത്ത് നമുക്ക് തന്നെ ശിക്ഷയായി മാറും.

നല്ല സുഹൃത്ത് ഒരാളുടെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ്. 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്നത് വെറും പഴമൊഴിയല്ല; ജീവിത യാഥാർഥ്യത്തെ വരച്ചിടുന്ന വാക്യമാണ്. നല്ല കൂട്ടുകാരൻ വിശ്വസ്തനും ഗുണകാംക്ഷിയുമായിരിക്കും. അവൻ നേരായ വഴിയിൽ സഞ്ചരിക്കാൻ നമ്മെ സഹായിച്ചുകൊണ്ടിരിക്കും. മറിച്ചായാൽ അവൻ നമ്മെ അപകടപ്പെടുത്തുകയും ചെയ്യും. അല്ലാഹുവിന്റെ പ്രീതിയിൽ കെട്ടിപ്പടുത്ത സൗഹൃദ് ബന്ധം അർശിന്റെ തണൽ ലഭിക്കാൻ നിമിത്തമായിത്തീരുന്ന മഹാ സൗഭാഗ്യമാണ്.

മനുഷ്യ ജീവിതത്തിന്റെ സൗഭാഗ്യങ്ങളെപ്പറ്റിയാണ് ഈ ഹദീസിൽ റസൂൽ (സ) നമ്മോട് സംസാരിക്കുന്നത്. ഹദീസിൽ സൂചിപ്പിച്ച ഓരോന്നും നമ്മുടെ ജീവിതത്തിലെ അനുഗ്രഹമാണ്. ഈ ലോകത്തും പരലോകത്തും ഗുണമേകുന്ന ജീവിത വിഭവങ്ങൾ കൂടിയാണവ. എന്നാൽ, ഇവയിൽ ചിലതോ മുഴുവനായോ നമുക്കെതിരായി വന്നാൽ ജീവിതം ദുസ്സഹമായിരിക്കും.

ഈ അവസ്ഥകളിൽ നിന്ന് രക്ഷപ്പെടാൻ നാം എപ്പോഴും അല്ലാഹുവിനോട് പ്രാർഥിച്ചു കൊണ്ടിരിക്കണം.